(സി) ഏതൊക്കെ വില്ലേജ് റോഡ് ഒ.ഡി.ആർ. ആയി ടെന്റർ ചെയ്തു പുതുതായി പ്രവൃത്തി നടത്തിയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 14 എണ്ണം.

(ബി) 1. ഒഴക്രോം-വെള്ളിക്കൽ റോഡ് 0/0 മുതൽ 3/600-തളിപ്പറമ്പ് നിയോജകമണ്ഡലം

2. കരുവഞ്ചാൽ-കുറ്റിപ്പുഴ-നെല്ലിപ്പാറ റോഡ്-തളിപ്പറമ്പ് ഇരിക്കൂർ മണ്ഡലങ്ങൾ

3. പോലീസ് സ്റ്റേഷൻ തൊളിക്കുഴി റോഡ്-കിളിമാനൂർ മണ്ഡലം

4. കമ്മിപ്പള്ളി-കെൽട്രോൺ റോഡ്-നെടുമങ്ങാട് മണ്ഡലം

5. ചണ്ണപേട്ട-ഓയിൽപാം റോഡ്-പുനലൂർ മണ്ഡലം

6. റിംഗ്റോഡ്-പത്തനംതിട്ട മുനിസിപ്പാലിറ്റി-പത്തനംതിട്ട മണ്ഡലം

7. കടമാൻകുളം-ചെങ്ങന്നൂർ റോഡ്-കല്ലുപ്പാറ മണ്ഡലം

8. മുരണി-ശാസ്താംകോയിക്കൽ റോഡ്-കല്ലുപ്പാറ മണ്ഡലം

9. അരീക്കൽ-വാളക്കുഴി-കൊട്ടിയമ്പലം റോഡ്-കല്ലുപ്പാറ മണ്ഡലം

10. കോട്ടങ്ങൽ-ആലപ്രക്കാട് റോഡ്-കല്ലുപ്പാറ മണ്ഡലം

11. ഞാലികണ്ടം-കടമാൻകുളം റോഡ്-കല്ലുപ്പാറ മണ്ഡലം

12. കണ്ണംപ്ലാവ്-കുളത്തൂർമൂഴി റോഡ്-കല്ലുപ്പാറ മണ്ഡലം

13. കിടങ്ങൂർ ക്ഷേത്രം- ചെമ്പിലാവ് റോഡ്-പാലാ മണ്ഡലം

14. നാഗമ്പടം മുനിസിപ്പൽ ബസ് സ്റ്റാന്റ്ഡ് റോഡ്-കോട്ടയം മണ്ഡലം

(സി) പഞ്ചായത്തീരാജ് നിയമപ്രകാരം വില്ലേജ് റോഡുകൾ, മറ്റ് ജില്ലാ റോഡുകൾ (ഒ.ഡി.ആർ.) എന്നിവയുടെ നിർമ്മാണവും സംരക്ഷണവും അറ്റകുറ്റപ്പണികളും ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകളുടെ അധീനതയിലാണ്.

78 (542) നബാർഡിന്റെ സഹായത്തോടെയുള്ള റോഡുകളും പാലങ്ങളും

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടെ സംസ്ഥാനത്ത് റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം നടക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൃശ്ശൂർ ജില്ലയിൽ നബാർഡിന്റെ സഹായത്തോടെ ഏതൊക്കെ റോഡുകളും പാലങ്ങളുമാണ് ഇപ്പോൾ നിർമ്മിക്കുന്നത്;

(സി) നബാർഡ് സഹായം നൽകുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ചേർപ്പ് നിയോജകമണ്ഡലത്തിൽ ആറാട്ടുപുഴ-ശാസ്താംക്കടവ് നബാർഡിന്റെ സഹായത്തോടെ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടക്കുന്നുണ്ട്.

(ബി) തൃശൂർ ജില്ലയിൽ നബാർഡിന്റെ സഹായത്തോടെ നിർമ്മാണം നടന്നുവരുന്ന പാലങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. കിള്ളിമംഗലം
2. ഉപ്പുങ്ങൽക്കടവ്
3. തച്ചപ്പള്ളി
4. പൈങ്കുളം
5. ഞറളക്കടവ്
6. കൂമ്പുഴ
7. പൂവത്തുംക്കടവ്
8. പുളിക്കംക്കടവ്

നബാർഡിന്റെ സഹായത്തോടെ തൃശൂർ ജില്ലയിൽ റോഡുകൾ ഒന്നും തന്നെ നിർമ്മിക്കപ്പെടുന്നില്ല.

(സി) താഴെ പറയുന്ന മാനദണ്ഡങ്ങളാണ് നബാർഡ് പൊതുവേ നിഷ്ക്കർഷിക്കുന്നത്:

1. ഭരണാനുമതിയും സാങ്കേതികാനുമതിയും ഉള്ള പണികൾക്കാണ് നബാർഡ് ഇതുവരെ ധനസഹായം നൽകിയിട്ടുള്ളത്.
2. ഗ്രാമീണ റോഡ്, മറ്റു ജില്ലാ റോഡ് എന്നീ വിഭാഗങ്ങളിൽപ്പെടുന്ന റോഡുകൾക്കാണ് നബാർഡ് മുൻതൂക്കം നൽകി പരിഗണിക്കുന്നത്.
3. ഗ്രാമീണ കാർഷിക മേഖലകൾക്ക് ഗുണകരമായ പദ്ധതികൾക്ക് മുൻതൂക്കം ലഭിക്കും.
4. പദ്ധതികൾ നിർമ്മാണം വേഗം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് പെട്ടെന്ന് പ്രയോജനം ലഭിക്കുന്നവയായിരിക്കണം.
5. പ്രത്യേക സാഹചര്യങ്ങളിൽ ചെലവ് ക്രമാതീതമാകുന്ന പദ്ധതികൾ നബാർഡ് പരിഗണിക്കുന്നതല്ല.
6. പദ്ധതികൾക്കാവശ്യമായ മുഴുവൻ സ്ഥലവും പൊതുമരാമത്ത് വകുപ്പിന്റെ കൈവശം ഉണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

7. പദ്ധതികൾ അംഗീകൃത സാങ്കേതിക നിലവാരം പുലർത്തുന്നവയായിരിക്കണം.

8. നബാർഡ് സഹായത്തോടെ നിർമ്മിക്കുന്ന പുതിയ റോഡുകൾ പൂർത്തിയാക്കുമ്പോൾ ആ റോഡ് ബന്ധിപ്പിക്കുന്ന സ്ഥലങ്ങൾ തമ്മിലുള്ള ദൂരം ടി റോഡ് നിർമ്മിക്കുന്നതിനുമുമ്പുള്ള ദൂരത്തേക്കാൾ കുറവായിരിക്കുകയും പുതിയ റോഡ് പൂർണ്ണമായും സഞ്ചാരയോഗ്യമായിരിക്കുകയും വേണം.

9. റോഡിന്റെ ദൈർഘ്യം ചുരുങ്ങിയത് 5 കിലോമീറ്റർ എങ്കിലും ഉണ്ടായിരിക്കണം.

(ഡി) മേൽപ്പറഞ്ഞ നിബന്ധനകൾക്കനുസൃതമായ പദ്ധതിയാണെങ്കിൽ നബാർഡിന്റെ സഹായം ലഭിക്കുന്നതിനാവശ്യമായ നടപടി തുടങ്ങും.

79 (543) കോന്നി നിയോജകമണ്ഡലത്തിലെ കലുങ്കുകൾ പുതുക്കി പണിയാനുള്ള നടപടി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ കൊടുമൺ-നെടുമൺകാവ് റോഡിലെ പ്ലാന്റേഷൻ കോർപ്പറേഷൻ ആശുപത്രി ജംഗ്ഷന് സമീപമുള്ള ഒറ്റത്തേക്കിലെ പാലത്തുംപാടിന് സമീപമുള്ളതുമായ കലുങ്കുകൾ പുതുക്കിപണിയാനുള്ള നടപടി ഏതവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനാവശ്യമായ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഈ കലുങ്കുകളുടെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) കൊടുമൺ-നെടുമൺകാവ് റോഡിലെ ഒറ്റത്തേക്കിലെ പാലത്തുംപാടിനു സമീപമുള്ള കലുങ്ക് പുതുക്കി പണിയാനുള്ള ടെൻഡർ വിളിച്ചിരിക്കുകയാണ്.

(ബി) ഈ പണിക്കുവേണ്ടി 2 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്.

(സി) ഈ പണിയുടെ ടെൻഡറിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിക്കഴിഞ്ഞാൽ മൂന്നുമാസത്തിനകം പണി തീർക്കാൻ കഴിയും.

80 (545) ബൈപ്പാസ് റോഡുകൾക്ക് പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരം

ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly